(c) Minimum Rs. 4 for 2 months — Minimum Re. 0—8—9 for the 3½ months.
Maximum Rs. 170—12—0 do. — Maximum Rs. 122—8—0 do.

മിസ്റ്റർ പി. കെ. ഡീവർ : ചോദ്യം (a) യിലെ മറുപടിയിൽ ൭½ ക. Basic Pay എന്നു് പറഞ്ഞിട്ടുണ്ടു്. അതു ഏതുകാലത്തെയാണു് എന്നു പറയാമോ?

Mr. P. Govinda Meno *(Minister for Food and Education)*: The answer was prepared on 14th February 1947.

മിസ്റ്റർ പി. കെ. ഡീവർ : ഇപ്പോൾ അതിൽ എന്തെങ്കിലും വ്യത്യാസം വരുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അളകപ്പാ ടെക്സ്റ്റയിൽസ്സിൽ വ്യത്യാസം വരുത്തീട്ടുണ്ടു്. സീതാറാം മില്ലിലെ കാര്യം എന്തുചെയ്യുവെന്നു് ഇപ്പോൾ ക്ലിപ്തമായിപറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ : ഇതിൽ "മൂന്നര മാസത്തേക്കു് വ ണ. ൻ പൈ. ബോണസ്സു" എന്നു പറയുന്നതു് എന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഞാനും അതിനെപ്പറ്റി ആലോചിക്കയാണു്. ഞാനുദ്ദേശിക്കുന്നതു് മിനിമം എന്നു പറഞ്ഞപ്പോൾ ആ അവസരത്തിൽ അവിടെ ജോലിക്കു് ഹാജരായിട്ടുള്ളതിൽ ഏറവും കുറഞ്ഞ ആളുടെ ഒരു കണക്കായിരിക്കണം.

SALARY OF HOSPITAL ASSISTANTS

381. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിലെ ഹോസ്പിറ്റൽ അസിസ്റ്റൻസിന്റെ പ്രതിമാസ ശമ്പളമെന്തു്;

(ബി) ഇവരിൽ ഡിസ്പെൻസറികളിലും ആസ്പത്രികളിലും ജോലി ചെയ്യുന്നവക്കു് ശമ്പളത്തിൽ വല്ല വ്യത്യാസവുമുണ്ടോ; ഉണ്ടെങ്കിൽ എന്തു്;

(സി) ഹോസ്പിറ്റലുകളിലും സിസ്പെൻസറികളിലും ജോലി ചെയ്യുന്നവർ ദിവസത്തിൽ എത്ര മണിക്കൂർവീതം ജോലിചെയ്യണം;

(ഡി) ഹോസ്പിറ്റലുകളിലുള്ളവക്കും ഡിസ്പെൻസറികളിലുള്ളവർക്കും ഒരുപോലെ Night duty ഉണ്ടോ;

(ഇ) ഇവക്കു ഗവൺമെണ്ടിൽനിന്നു സൌജന്യമായി യൂനിഫാറം കൊടുക്കുന്നുണ്ടോ;

(എഫ്) ഇവക്കുള്ള ജോലികൾ എന്തെല്ലാം;

(ജി) ഇത്തരം കീഴ് ജീവനക്കാർ ഈ വകുപ്പിൽ എത്രപേരുണ്ടു്?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഹോസ്പിറ്റൽ അറൻഡൻസിന്റെ ശമ്പളം ക. ൫ ൦—½—൫൫; ഭ്രാന്താസ്പത്രിയിൽ ക. ൫൮—൫—൬ @; സബ്സ്റ്റേഴ്സിന്റെ ശമ്പളം ൫൬—½—൫൮ ക. ൫ ൦—½—൫൫ + ക. ൬ ലോക്കൽ അലവൻസ്.

(ബി) ഭ്രാന്താസ്പത്രിയിൽ ജോലിചെയ്യുന്നവക്കു മേലികെ മറാക്കും ശമ്പളത്തിൽ വ്യത്യാസമില്ല. ഭ്രാന്താസ്പത്രിയിലുള്ളവരുടെ ശമ്പളത്തോടു് ക. ൫൮—൫—൬ @ ആണു്.

(സി) ആസ്പത്രികളിലും ഡിസ്പെൻസറികളിലും ജോലിചെയ്യുന്നവർ ൮ മണിക്കൂർ വീതം ജോലി ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) ഉണ്ട്

(എഫ്) അനുബന്ധം നോക്കുക. (Appendix IV).

(ജി) സ്ഥിരമായിട്ടുള്ളവർ മ. ര ൭—ടെമ്പററി ൫൨.

റാവുബഹദൂർ ടി. കെ. നായർ : ഈ ചോദ്യത്തിൽ പറഞ്ഞിരിക്കുന്നതു് ഫോസ്റ്റിറൽ അസിസ്റ്റാണ്ടു് എന്നാണു്. അങ്ങിനെ ഒരു പോസ്റ്റ്തന്നെയില്ല. അതുകൊണ്ടു് അതു് ഫോസ്റ്റിറൽ അററണ്ടർ എന്നാക്കിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഈ അററൻറൻസിനു് കമ്പാർട്ടേഴ്സുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ : ഇല്ലെന്നാണു് അറിയുന്നതു്. സൂക്ഷ്മവിവരം ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഇവർ കാലത്തു് ൬ മണിമുതൽ ൧൨ മണിവരെയും, ഉച്ചതിരിഞ്ഞു മ മണിമുതൽ നമണിവരെയും ജോലിചെയ്യുന്നതിന്നിടയ്ക്കു് അകലെയുള്ളവരുടെവീട്ടിൽപോയി ഊണുകഴിച്ചുവരുവാൻ സൌകര്യമുണ്ടാകുമോ?

റാവുബഹദൂർ ടി. കെ. നായർ : എന്തെങ്കിലും സൌകര്യം ചെയ്തിട്ടുണ്ടാകാം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : അങ്ങിനെ സൌകര്യമില്ലാത്തവർക്കു് ആസ്പത്രിയുടെ അടുത്തു താമസിക്കുവാൻ എന്തെങ്കിലും സൌകര്യം ചെയ്തുകൊടുക്കാമോ?

റാവുബഹദൂർ ടി. കെ. നായർ : ആസ്പത്രിയിൽ ജോലിചെയ്യുന്നവർക്കു് എല്ലാവർക്കും താമസിക്കുവാൻ സൌകര്യം ഉണ്ടാക്കുന്ന കാര്യം കാര്യമാണെന്നു വിചാരിക്കുന്നില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ഇവർ രോഗികളുടെ അടുത്തു എപ്പോഴും നില്ക്കേണ്ടവരാണു്. ഇവരുടെ പ്രധാനപ്പെട്ടജോലി തന്നെ രോഗികളുടെ മലമൂത്രവിസർജ്ജനം കൊണ്ടുകളയലും, അവരെ ശുശ്രൂഷിക്കലുംമറ്റുമാണു്. ഇവർ രാത്രിസമയങ്ങളിലും പകൽ സമയങ്ങളിലും രോഗികളുടെ അടുത്തു് എപ്പോഴും ഉണ്ടായിരിക്കേണ്ടവരാണു് എന്നു അനുബന്ധത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു് ൬ ര മണിക്കൂറം അവർക്കു ജോലിയുണ്ടെന്നല്ലെ വരുന്നതു്; ആ സ്ഥിതിക്കു് അവർക്കു കമ്പാർട്ടേഴ്സു് കൊടുക്കേണ്ടതല്ലെ?

റാവുബഹദൂർ ടി. കെ. നായർ : അതിന്നു് ഒരാൾ തന്നെ നില്ക്കുണ്ടിവരികയില്ല. അവർക്കു് ഊഴമിട്ടു് ജോലിചെയ്യുവാനുള്ള സൌകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടു്. ഒരാളുടെ സാന്നിദ്ധ്യമില്ലെങ്കിൽ തന്നെ അതിന്നു് പകരമായി മറെറാരാൾ ഉണ്ടായിരിക്കും.

THEFT OF GOVERNMENT LOGS

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ മുലാം, വൃശ്ചികം, ധനു എന്നീ മാസങ്ങളിൽ വരന്തരപ്പിള്ളിയിൽ നിന്നോ അതിനടുത്ത പ്രദേശങ്ങളിൽനിന്നോ സർക്കാർ വക തടികൾ കളവുപോവുകയുണ്ടായൊ;

(ബി) എത്ര കണ്ടി തടി കളവുപോയി;

(സി) അതെപ്പററി എന്തന്വേഷണം നടത്തി;

(ഡി) മോഷ്ടാവു് ആരെന്നറിഞ്ഞുവൊ, ടിയാൻെറ പേരിൽ എന്തു നടപടി നടത്തി?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ഉണ്ടായി.

(ബി) ൨൨ തേക്കുതടിയും ൫ വെന്തേക്കു തടിയും കൂടി ൨൭൯.൫ C. ft. or ൧൫.൯ കണ്ടി.

LIBRARY ARCHIVES Kerala Legislative Assembly

No increase in the extent of area cultivated in Chittur was attempted as the lands have already been fully developed. Considerable work in repairing canals especially in the Mulathura system was done during the period of 1100 to 1107. The Kambalathara Reservoir to protect about 6000 acres of lands is nearing completion.

In addition to the above an additional area of 2000 acres have been irrigated by lift irrigation.

CONSOLIDATED STATEMENT

Before the present Chief Engineer took charge		*After the present Chief Engineer took charge*
C. K. Taluk	2773·00	5676·00
Mukundapuram Taluk	4020·00	5820·00
Trichur Taluk	12452·00	15621·00
Talappalli Taluk	..	1773·00
Chittur Taluk	18294·00	18294·00
Lift Irrigation		2000·00
Total	37539·00	49184

APPENDIX IV

(Please see answer to Question No. 381)

അറൻഡൻറസ്.—ഇവർ ആസ്പത്രിയിൽ (ഡിസ്പെൻസറിയിൽ) രാവിലെ 9 മണി മുതൽ ഉച്ചക്ക് ഫറ മണിവരേയും ഉച്ചതിരിഞ്ഞു നു മണി മുതൽ നു മണിവരേയും ഹാജരായിരിക്കേണ്ടതാണ്. അവക്കു ഉഴമിട്ട വൈകുന്നേരം നു മണി മുതൽ പിറേറ ദിവസം രാവിലെ 9 മണിവരെ നൈറു ഡ്യൂട്ടിയും ഉണ്ടായിരിക്കും. നൈറു ഡ്യൂട്ടിയുള്ള അറൻഡൻറ് സ് പിറെ ദിവസം ഉച്ചക്ക് ഫറ മണി മുതൽ ഉച്ച തിരിഞ്ഞു നു മണിവരെ ഡ്യൂട്ടി നോക്കേണ്ടതാണ്. അറൻഡൻറ്സ് നിലവും മേശ കസാല മുതലായ സാമാനങ്ങളും വെടിപ്പാക്കുകയും വാർഡുകൾ ഇടിയാക്കുകയും വൃത്തിയാക്കുകയും വെച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ടതാകുന്നു. ഡ്യൂട്ടിയിലിരിക്കുന്ന മെഡിക്കൽ ആപ്പീസരുടേയും നെഴ്സിങ്ങ് സിസ്റർമാരുടേയോ നെഴ്സ്മാരുടേയോ നിർദ്ദേശങ്ങൾ നിവ്വഹിക്കുന്നതിനു അവർ സന്നദ്ധരായിരിക്കണം. രോഗികളുടെ ക്ഷണം കഴിഞ്ഞാൽ അവർ ഭക്ഷണം കഴിച്ച പാത്രങ്ങൾ അറൻഡൻറ്സ് കഴുകി വെടിപ്പാക്കി അടുക്കളയിൽകൊണ്ടുപോയി വയ്പുകാരനെ ഏല്പിക്കണം.

നെഴ്സ്മാരില്ലാത്ത ആസ്പത്രികളിൽ (ഡിസ്പെൻസറികളിൽ) വിശർപ്പിക്കുക, പോൾടീസ്വെക്കുക, ചില്ലറ ഡ്രസ്സിങ്ങും ബാണ്ടേജ്കെട്ടലും നടത്തുക, എനിമ കൊടുക്കുക എന്നീ ജോലികൾ അവിടത്തെ ചാജ്ജ് വഹിക്കുന്ന മെഡിക്കൽ ആപ്പീസരുടെ നേരിട്ടുള്ള മേൽനോട്ടത്തിൻ കീഴിൽ അറൻഡൻറ്സ് നിവ്വഹിക്കേണ്ടതാണ്. രോഗികളെ കഴുകിക്കുക, ഉടുപ്പിടുവിക്കുക, അവക്കു ഭക്ഷണം കൊടുക്കുക, അവരുടെ കിടക്കകൾ വിരിക്കുക മുതലായ ജോലികളും കൂടി അവർ നടത്തേണ്ടതും, രോഗികളെ ശരിയായി നോക്കുന്നതിനു അവർ ചുമതലയായിരിക്കുന്നതും ആകുന്നു. ഡിസ്പെൻസിങ്ങ് മുറികളിലേയും ഓപ്പറേഷൻ തിയ്യേറ്ററുകളിലേയും അറൻഡൻറ്സ് അതാതു സ്ഥലങ്ങൾ രാവിലേയും വൈകുന്നേരവും വെടിപ്പാക്കേണ്ടതാകുന്നു. ഡിസ്പെൻസ്സിങ്ങ് മുറികളിലെ അറൻഡൻറ്സ് കുപ്പികളും ട്രാസ്കളും മറവുപകരണങ്ങളും കഴുകി വെടിപ്പാക്കി വെക്കുകയുംകൂടി വേണം. അവർ പ്ലാസ്റ്ററുകൾ, ഓയിൻറുമെൻറുകൾ ഇൻപ്ലഴനുകൾ മുതലായവ തയ്യാറാക്കണം. അതുകൊമ്പൗണ്ടരുടെ സാന്നിദ്ധ്യത്തിലും മേൽ നോട്ടത്തിലുമായിരിക്കുകയും വേണം. മരുന്നുകൾ കൂട്ടികൊടുക്കുന്ന ജോലിയിൽ അവർ കൊമ്പൗണ്ടരെ സഹായിക്കുകയും വേണം.

അടിച്ചുതളികൾ.—അടിച്ചുതളികൾ, ആസ്പത്രികളിൽ (ഡിസ്പെൻസറികളിൽ) രാവിലെ 9 മണി മുതൽ ഉച്ചക്ക് ഫറ മണിവരേയും ഉച്ചതിരിഞ്ഞു നു മണി മുതൽ സന്ധ്യക്ക് 9 മണിവരേയും ഹാജരായിരിക്കണം. തോട്ടക്കാരെ നിയമിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ അവർ കൂടക്കൂടെ പറമ്പിലുള്ള ചവറുകളും മറവും അടിച്ചുവാരികളയണം. അവർ ബഡ്പാനുകൾ കഴുകുകയും ആസ്പത്രിയിലൊ ഡിസ്പെൻസറിയിലൊ ഉള്ള മൂത്ര വിസർജ്ജന സ്ഥലങ്ങൾ, കക്കൂസുകൾ അഴുക്കു കഴികൾ മുതലായവ വൃത്തിയാക്കി ശുചീകരണ മരുന്നു ത

LIBRARY ARCHIVES Kerala Legislative Assembly

ളിക്കുകയും വേണം. മല വിസർജ്ജനത്തിനൊ മൂത്ര വിസർജ്ജനത്തിനൊ രോഗികൾ അവരുടെ സഹായം ആവശ്യപ്പെടുമ്പോളെല്ലാം അവർ രോഗികളെ സഹായിക്കണം. ആസ്പത്രിയിലെ വാർഡുകളിലെ അവരുടെ പ്രധാന ജോലി തന്നെ ഇതാണ്. ഈ ജോലിയിൽ യാതൊരു ഉപേക്ഷയും കാണിപ്പാൻ അവരെ ഒരിക്കലും അനുവദിക്കുന്നതല്ല. അറൻഡൻറ്സിനെപ്പോലെ ഇവരേയും നൈറ്റ് ഡ്യൂട്ടിക്ക് ഇടുന്നതായിരിക്കും. നൈറ്റ് ഡ്യൂട്ടിയുള്ള അടിച്ചൂതളികൾ പകൽ ദിവസം ഉച്ചക്ക് ഏകദേശം 1 മണി മുതൽ നാലു മണിവരെ ഡ്യൂട്ടി നോക്കേണ്ടതാണ്.

വയ്പുകാർ.—അടുക്കളയെയ്പുകാരുടെ നേരിട്ടുള്ള ചാർജ്ജിലായിരിക്കുന്നതാണ്. ടി സ്ഥലത്തിനേറയും അവിടെ ഉപയോഗിക്കുന്ന വയ്പുപാത്രങ്ങളുൾപ്പെടെയുള്ള സകല സാധനങ്ങളുടേയും വെടുപ്പിനും വൃത്തിക്കും അവരാണ് മുമതലക്കാർ. അവർ മെഡിക്കലാഫീസരുടെ നിർദ്ദേശങ്ങളനുസരിച്ച്, ഒരു നെഴ്സിങ്ങ് സിസ്റ്റരുടേയോ നെഴ്സിനേറയൊ മേൽനോട്ടത്തിലും, രോഗികൾക്ക് വേണ്ടുന്ന ഭക്ഷണങ്ങളും തയ്യാറാക്കേണ്ടതും നിശ്ചിതസമയത്തു് അതാതു് വാർഡുകളിൽ അവിടെയുള്ള രോഗികൾക്ക് അതാതു് വാർഡുകളുടെ ചാർജ്ജു് അപ്പപ്പോൾ വഹിച്ചുകൊണ്ടിരിക്കുന്ന നെഴ്സ്മാരുടെ നിർദ്ദേശങ്ങളനുസരിച്ചും നേരിട്ടുള്ള മേൽനോട്ടത്തിൻ കീഴിലും ഭക്ഷണം വിളമ്പിക്കൊടുക്കേണ്ടതും ആകുന്നു. അടുക്കളയിലുപയോഗിക്കുന്ന സകല വീട്ടുസാമാനങ്ങളുടേയും വയ്പു പാത്രങ്ങളുടേയും മറവും ഭദ്രമായി സൂക്ഷിപ്പിനും വയ്പുകാരൻ മുമതലക്കാരനായിരിക്കുന്നതാണ്. മേൽനോട്ടം നടത്തുന്നവരല്ലാതെ മറവ് യാതൊരുവരും യാതൊരു കാരണവശാലും അടുക്കളയിൽ പ്രവേശിക്കാൻ വയ്പുകാരൻ അനുവദിച്ചു കൂടാത്തതും ഈ ചട്ടം ലംഘിക്കുന്നതായാൽ അയാൾ കഠിനമായ ശിക്ഷക്ക് പാത്രീഭവിക്കുന്നതും ആകുന്നു. ഭക്ഷണം വിളമ്പികൊടുത്തു് കഴിഞ്ഞാൽ, വാർഡ്കളിൽനിന്നു തിരിച്ചു കൊണ്ടുവരുന്ന എല്ലാ പാത്രങ്ങളും അയാൾ ഏറമേടിക്കേണ്ടതും അവയെ നല്ലപോലെ കഴുകി വൃത്തിയായ് സൂക്ഷിച്ചുകൊള്ളേണ്ടതുമാകുന്നു.

തോട്ടക്കാർ.—ആസ്പത്രിയിലൊ ഡിസ്പെൻസറിയിലൊ ഉള്ള തോട്ടക്കാർ പറമ്പും മറവും ദിവസവും അടിച്ചുവാരി ചവറ് മുതലായതു് നശിപ്പിച്ചുകളഞ്ഞും ഗ്രമിയായും വെടിപ്പായും വെച്ചുകൊണ്ടിരിക്കേണ്ടതാകുന്നു.

വാച്ചുമെൻ.—ഇവരെ പടിക്കലാണ് പോസ്റ്റ് ചെയ്തിരിക്കുന്നതു്. അനധികൃതമായി യാതൊരാളും യാതൊരു സമയത്തും ആസ്പത്രിയിൽ പ്രവേശിക്കാതെ നോക്കുകയും രോഗികളെ കാണുവാനനുവാദം നൽകപ്പെട്ടിട്ടുള്ള സന്ദർശകരുടെ പാസ്സുകൾ പരിശോധിക്കയും അവർ ചെയ്യേണ്ടുന്ന ജോലികൾ ആണ്.

APPENDIX V

(Please see Answer to Question No. 391)

List of Merchants invited for the Conference convened to discuss among other things revision of the whole sale and retail selling prices of cocoanut oil

1. Mr. Abdulrahiman Haji Ebrahim Cochinwalla Sait, Mattancheri.
2. Mr. Rahimtulla Abdul Karim Sait, Mattancheri.
3. Mr. Valimohamad Karim, Mattancheri.
4. Mr. Mallia of Messrs. P. N. V. Bhandary and Sons, Mattancheri.
5. Mr. Banjee Jeevath Khona, Mattancheri.
6. Mr. I. I. Iyyappan, Trichur.
7. The Secretary, The Trichur Merchants' Association, Trichur.
8. Mr. V. Narayana Shenoi, Ernakulam.
9. Mr. P. V. Kurian, Ernakulam.

APPENDIX VI

(Please see answer to question No. 392)

ക	ജനറൽ ആസ്പത്രി, എറണാകുളം	ന	
ഖ	തൃശ്ശിവപേരൂർ സിവിൽ ആസ്പത്രി	ങ	
ഗ	സ്ത്രീകളുടെ ആസ്പത്രി, മട്ടാഞ്ചേരി	ച	
ഘ	കണ്ണാസ്പത്രി, എറണാകുളം	ഛ	

LIBRARY ARCHIVES Kerala Legislative Assembly